**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1213** **01-02-2024 - ൽ മറുപടിയ്ക്ക്**

**റെയിൽവേ മേൽപ്പാല നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം തിരുവല്ല റോഡ്, കാക്കനാട് റെയിൽവേ മേൽപ്പാലം, കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം, താമരക്കുളം റെയിൽവേ മേൽപ്പാലം (എൽ സി നം. 42) എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | **കാക്കനാട് റെയിൽവേ മേൽപാലം**<br><br>കായംകുളം തിരുവല്ല റോഡിലുള്ള കാക്കനാട് റെയിൽവേ മേൽപാലത്തിന്റെ നിർമ്മാണച്ചുമതല കെ.ആർ.ഡി.സി.എൽ -നാണ്. നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. സർവ്വേ നടപടികളും പുരോഗമന ഘട്ടത്തിലാണ്.<br><br>**കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം**<br><br>ആലപ്പുഴ ജില്ലയിൽ കായംകുളത്തെ കൃഷ്ണപുരം മാമ്പ്രക്കുന്നേൽ റെയിൽവേ മേൽപാലത്തിന്റെ നിർമ്മാണ ചുമതല ആർ.ബി.ഡി.സി.കെ. യ്ക്കാണ്. പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി 31.211 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിലായി 1.0840 Hect ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും സ്വകാര്യ വ്യക്തികളിൽ നിന്നുമുള്ള മുഴുവൻ ഭൂമിയും ഏറ്റെടുത്തിട്ടുള്ളതുമാണ്. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ കൈവശമുള്ള 5.9 ആർ lease ഭൂമി, കൃഷ്ണപുരം വില്ലേജ് ഓഫീസിന്റെ കൈവശമുള്ള 13 sqm ഭൂമി എന്നിവ land transfer മുഖേന കൈമാറി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>റെയിൽവേ ജി.എ.ഡി. യുടെ അംഗീകാരം 09.11.2022 ൽ റെയിൽവേയിൽ നിന്നും ലഭ്യമായിട്ടുള്ളതും നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി 06.11.2023 ൽ ലഭ്യമായിട്ടുള്ളതുമാണ്. 36.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതിക്കായി കിഫ്ബിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് പുതുക്കിയ |

| | | | |
|---|---|---|---|
| | | | സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**<u>താമരക്കുളം റെയിൽവേ മേൽപാലം</u>** താമരക്കുളം മേൽപാലത്തിന്റെ നിർമ്മാണച്ചുമതല കെ.ആർ.ഡി.സി.എൽ -നാണ്. താമരക്കുളം മേൽപാലവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. വില കണക്കാക്കൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ